ശ്രീ രാം ചന്ദ്ര മിഷൻ®

# ഇക്കോസ് ഇന്ത്യ

സപ്തംബർ 2008 | സ്വകാര്യ പ്രചരണത്തിനു മാത്രം | വോല്യം 1 ലക്കം 5

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

ലക്നൗവിൽ വെച്ച് നടന്ന പൂജ്യ മാസ്റ്ററുടെ ജന്മദിനാഘോഷത്തിൻെറ സ്മരണകളിലും അനുഭൂതികളിലുമായിരിക്കും ഇപ്പോഴും നമ്മളെല്ലാവരും. മാസ്റ്റർ നമുക്ക് നൽകിയ ആധ്യാത്മിക അനുഗ്രഹത്തെ വാക്കുകളാൽ വിവരിക്കാൻ പ്രയാസമാണ്. ഈ ജന്മദിനാഘോഷം, വിവിധ കേന്ദ്രങ്ങളിലേക്കുള്ള അദ്ദേഹത്തിൻെറ പര്യടനം, മീററ്റ് ആശ്രമത്തിൻെറ ഉദ്ഘാടനം, വിവിധ പരിശീലന പരിപാടികൾ, തുറന്ന സദസ്സുകൾ എന്നിവയെ പറ്റിയാണ് ഈ ലക്കത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

ഐക്യരാഷ്ട്ര സംഘടനയും ശ്രീ രാം ചന്ദ്ര മിഷനും ചേർന്നു നടത്തുന്ന പ്രബന്ധ മത്സരമാണ് ഭാരതത്തിലെങ്ങുമുള്ള നമ്മുടെ ആശ്രമങ്ങളിലും വിവിധ കേന്ദ്രങ്ങളിലും ഇപ്പോൾ നടന്നു വരുന്ന ഒരു പ്രധാന പരിപാടി.

നവംബറിൽ പുറത്തിറങ്ങുന്ന അടുത്ത ലക്കത്തിലേക്കായ് ലേഖനങ്ങളും മറ്റും കിട്ടേണ്ട അവസാന തീയ്യതി ഒക്ടോബർ 10,2008 ആണ്. ഫോട്ടോ സഹിതം ഇവ അതാത് സോണൽ-ഇൻ-ചാർജ്ജ്മാർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

ഇക്കോസ് ഇന്ത്യ ന്യൂസ്ലെറ്റർ ടീം






## ലക്നൗവിൽ നടന്ന പൂജ്യ മാസ്റ്ററുടെ എൺപത്തിയൊന്നാം ജന്മദിനാഘോഷപരിപാടികൾ

ജൂലൈ 20-നു വൈകുന്നേരം മാസ്റ്റർ കൊൽക്കത്തയിൽ നിന്നും വിമാന മാർഗ്ഗം എത്തിയതോടെ ഉത്സവാന്തരീക്ഷമായി. ലോകത്തിൻെറ എല്ലാ ദിക്കിൽ നിന്നും അഭ്യാസികളും കുട്ടികളും അടക്കം 42000 പേർ എത്തിച്ചേർന്നിരുന്നു. ഈ ആശ്രമം ലക്നൊവിൽ നിന്നും 25 കി.മി. അകലെ ഉള്ള ഹർധൊയി ബൈപ്പാസ്സിൽ സ്ഥിതി ചെയ്യുന്ന ഐ.ഐ.എം ക്യാംപസ്സിനടുത്തായിട്ടാണ് സ്ഥിതി ചെയ്യുന്നത്.

ജൂലൈ 23-ാം തീയ്യതി സത്സംഗത്തിനു ശേഷം ഐക്യരാഷ്ട്ര സംഘടനയുടെ പ്രതിനിധി രാജീവ് ചന്ദ്രൻ അഭ്യാസികളെ അഭിസംബോധന ചെയ്തു. അദ്ദേഹം "മില്ലേന്യം ഡെവെലപ്മൻറ് ഗോൾസ്" (യു.എൻ.എം.ഡി.ജി)എന്ന പദ്ധതിയുടെ കീഴിൽ ശാന്തി, സമാധാനം, സമത്വം, സമൂഹത്തിലെ ദുർബല വിഭാഗങ്ങൾ പ്രത്യേകിച്ച് സ്ത്രീകൾക്കായി ഐക്യ രാഷ്ട്രസഭ (U.N) എന്തു ചെയ്യുന്നുണ്ട് എന്നതിനെ പറ്റി സംസാരിച്ചു.

തുടർന്ന് നടത്തിയ അവിസ്മരണീയമായ പ്രസംഗത്തിൽ മാസ്റ്റർ സഹജ മാർഗ്ഗം എങ്ങനെ വിവിധ ജാതി, മതം, ഭാഷ, ദേശീയത എന്നീ വിഭാഗീയതകൾക്കതീതമായി എല്ലാവരേയും സാഹോദര്യത്താൽ ഇണക്കുന്നു എന്നതിനെ ചൂണ്ടിക്കാണിച്ചു. മിഷനിൽ ഇതിനകം നടന്ന രണ്ടായിരത്തോളം വിവാഹങ്ങൾ ഇതിനുദാഹരണമാണെന്നും, ഇത് തീർച്ചയായും ഒരു പുതിയ മാനവരാശിയെ പടുത്തുയർത്തുന്നതിന് സഹായകമാവുമെന്ന് മാസ്റ്റർ നിരീക്ഷിച്ചു.

സ്നേഹത്താൽ മാത്രമേ സ്ത്രീകളെ ശക്തിപ്പെടുത്താനാവൂ എന്നു മാസ്റ്റർ ഊന്നിപ്പറഞ്ഞു. "അവരെ സ്നേഹിക്കുകയും, പരിലാളിക്കുകയും, സംരക്ഷിക്കുകയും വേണം" എന്ന് അദ്ദേഹം പറഞ്ഞു. ഭാരതസ്ത്രീകൾ വീടിനു പുറത്തെത്തുമ്പോൾ അവരുടെ ഭർത്താക്കന്മാർക്ക് കുറച്ചു ചുവടുകൾ പുറകിലെ നടക്കുകയുള്ളൂവെങ്കിലും, വീടിനകത്തു അവർ രാജ്ഞിമാരാണ്.

ജൂലൈ 24 ആരംഭിച്ചത് മാസ്റ്റർ ധ്യാനമന്ദിരത്തിൽ എത്തിയ ഉടനെയുള്ള പട്ടാളബാൻഡ് സംഘത്തിൻെറ ജന്മദിന ഗാനാലാപനത്തോടെയാണ്. രാവിലത്തെ സത്സംഗത്തിനു ശേഷം 11 വിവാഹങ്ങൾ ഉണ്ടായിരുന്നു. അതിനെ തുടർന്നുണ്ടായ ഭജനകളും, പാട്ടുകളും, കവിത പാരായണവുമെല്ലാം അഭ്യാസീഹൃദയങ്ങളിൽ മാസ്റ്ററോടുള്ള സ്നേഹമുളവാക്കി.

ധ്യാനമന്ദിരത്തിലെ രംഗപടത്തിൽ ബാബുജിയുടേയും ചാരിജിയുടെയും വിവിധ ചിത്രങ്ങളുടെയൊരു കൊളാഷിനോടൊപ്പം പശ്ചാത്തലത്തിൽ "എന്നെന്നേക്കും ഒരുമിച്ച്" എന്നെഴുതിയിരുന്നു. ഈ മൂന്നു ദിവസത്തെ പരിപാടികൾ 36 വിവാഹങ്ങൾക്കു സാക്ഷ്യം വഹിച്ചു. അതിൽ 9 എണ്ണം വിദേശീയരുടേതായിരുന്നു. മാസ്റ്റർ പുതിയ പല പുസ്തകങ്ങളും, സി.ഡികളും, ഡി.വി.ഡികളും പ്രകാശനം ചെയ്തു. "അദ്ദേഹവും, ഹുക്കയും, ഞാനും" എന്ന പരമ്പരയുടെ തുടർച്ചയായ "ഹബ്ബിൾ ബബ്ബിൾ" എന്ന പ്രഭാഷണ പരമ്പരയുടെ 5 ഡി.വി.ഡികളും അദ്ദേഹം പ്രകാശനം ചെയ്തു.

മഴക്കാലമായിരുന്നിട്ടു കൂടി നല്ല ക്രമീകരണങ്ങൾ ചെയ്തിരുന്നതു കൊണ്ടു അഭ്യാസികൾ വളരെ സുരക്ഷിതരായിരുന്നു.ഇതിനായി രാപ്പകൽ അധ്വാനിച്ച സംഘാടകരേയും സ്വയംസേവകരേയും മാസ്റ്റർ അനുമോദിച്ചു. താമസ സൗകര്യം, സുരക്ഷ, ഗതാഗതം, പാദരക്ഷ സംരക്ഷണം, ശുചീകരണം, ആതുരസേവനം, വിവാഹങ്ങൾക്കുള്ള ഒരുക്കങ്ങൾ, ക്യാൻറീൻ, അടുക്കള, ഹെൽപ്പ് ഡെസ്ക്, കുട്ടികളുടെ കേന്ദ്രം, ശുദ്ധ ജല വിതരണം എന്നിങ്ങനെ വിവിധ മേഖലകളിലായി സ്വയം സേവകർ പ്രവർത്തിച്ചു. ബാങ്ക്, ഇൻറർനെറ്റ് എന്നീ സൗകര്യങ്ങളുണ്ടായിരുന്നു.

മാസ്റ്റർ അതിഥികളെ സ്വീകരിക്കുന്നതിലും ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും വന്ന മിഷൻെറ കാര്യവാഹകരോട് മിഷൻെറ ഭരണ കാര്യങ്ങൾ അവലോകനം ചെയ്യുന്നതിലും വ്യാപൃതനായിരുന്നു. അതു കൂടാതെ അദ്ദേഹം മിഷൻെറ വർക്കിംഗ് കമ്മിറ്റിയുമായി മിഷൻെറ പ്രവർത്തനങ്ങളേയും ഭാവി പരിപാടികളെക്കുറിച്ചും ചർച്ചകൾ നടത്തി.

മാസ്റ്റർ ജൂലൈ 25-നു നടത്തിയ സത്സംഗത്തോടും തുടർന്ന് നടന്ന ഭക്തി ഗാനാലാപനത്തോടെയും, മിഷൻ സെക്രട്ടറി സഹോ. യു.എസ്. ബാജ്പായിയുടെ സംബോധനയോടും കൂടി ആഘോഷങ്ങൾ ഔപചാരികമായി അവസാനിച്ചു.







SRCM

# ഇക്കോസ് ഇന്ത്യ

സപ്തംബർ 2008 സ്വകാര്യ പ്രചരണത്തിനു മാത്രം വോല്യം 1 ലക്കം 5

## മാസ്റ്ററുടെ യാത്ര – ജൂൺ – ആഗസ്റ്റ് 2008

### ബാംഗ്ലൂർ

രണ്ടു മാസം നീണ്ട യൂറോപ്പ് സന്ദർശനത്തിന് നാന്ദി കുറിച്ചു കൊണ്ട് മാസ്റ്റർ ജൂൺ 15–ന് ദുബായിൽ നിന്നും ബാംഗ്ലൂരിൽ എത്തിച്ചേർന്നു. അദ്ദേഹത്തെ സ്വീകരിക്കുന്നതിനായി ബാംഗ്ലൂരിലും പരിസരപ്രദേശത്തുള്ള സെൻററുകളിലും നിന്നുള്ള ഒരു വലിയ സംഘം അഭ്യാസികൾ പുതിയ അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചേർന്നിരുന്നു.

ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന “ലാലാജി നിലയം” (ഇതിനെ “പരംധാം” എന്നു പുനർ നാമകരണം ചെയ്യാൻ മാസ്റ്റർ തീരുമാനിച്ചു) എന്ന ധ്യാനകേന്ദ്രത്തിൽ മാസ്റ്റർ സത്സംഗവും വിവാഹങ്ങളും നടത്തി. അതിനുശേഷം അദ്ദേഹം ബാംഗ്ലൂരിൻെറ കിഴക്ക്, തെക്ക്, വടക്ക് ഭാഗങ്ങളിലുള്ള ആശ്രമങ്ങൾ അതതിടങ്ങളിലുള്ള അഭ്യാസികൾക്ക് ഉപയോഗപ്രദമായിത്തീരുമെന്ന് നിരീക്ഷിച്ചു. ആത്മ സംയമനത്തിൻെറ ആവശ്യകതയെപ്പറ്റി അദ്ദേഹം ഊന്നി പറഞ്ഞു. പ്രകാശനം ചെയ്യാൻ പോകുന്ന “അദ്ദേഹവും ഹുക്കയും ഞാനും” എന്ന പ്രഭാഷണ പരമ്പരയുടെ രണ്ടാം ഭാഗമായ : “ദ ഹബ്ബിൾ ബബ്ബിൾ”നെക്കുറിച്ച് മാസ്റ്റർ ഒരു ആമുഖ പ്രഭാഷണം നടത്തി.

ജൂൺ 20 മുതൽ 26 വരെ മാസ്റ്റർ ക്രെസ്റ്റിൽ താമസിച്ചു. ഈ സമയത്ത് മാസ്റ്ററെ സന്ദർശിക്കുവാൻ കർണ്ണാടകത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള അഭ്യാസികളുടെ ഒരു നീണ്ട നിര തന്നെയുണ്ടായിരുന്നു. മാസ്റ്റർ എസ്.എം.എസ്.എഫ് വായനശാലയുടെ വരിക്കാർക്കുള്ള കാർഡിൻെറ ഉദ്ഘാടനം നിർവ്വഹിച്ചു. ഈ കാർഡു കൊണ്ട് എല്ലാ എസ്.എം.എസ്.എഫ് വായനശാലയിലേക്കും പ്രവേശനം ലഭിക്കും. മതത്തിനേയും ആദ്ധ്യാത്മികതയേയും പറ്റി വിശാലമായ അറിവും ആസ്വാദനവും ഉദ്ദേശിച്ചാണ് ഈ വായനശാലകളിലേക്ക് പുസ്തകങ്ങൾ തിരഞ്ഞെടുത്തത് എന്ന് ഈ അവസരത്തിൽ അദ്ദേഹം പറഞ്ഞു.

ഫ്രാൻസിൽ നിന്നും കൊണ്ടുവന്ന 250 കിലോഗ്രാം ഭാരമുള്ള മണിയെ ക്രെസ്റ്റിൽ സ്ഥാപിക്കുന്നതിനുള്ള എല്ലാ കാര്യങ്ങളിലും അതീവ താൽപ്പര്യം കാണിക്കുകയും സന്തോഷത്തോടെ അതിൻെറ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

ചെന്നൈയിലേക്കു റോഡു മാർഗ്ഗം പോകുന്ന വഴി അദ്ദേഹം നാട്രാമ്പള്ളിയിൽ ജൂൺ 28–നു രാത്രി തങ്ങി.

ചെന്നൈയിൽ രണ്ടര മാസത്തിനു ശേഷം തങ്ങളുടെ പ്രിയപ്പെട്ടവനെ കാണാൻ കാത്തിരിക്കുന്ന അഭ്യാസികളുടെ ഒരു വലിയ സംഘം തന്നെ അദ്ദേഹത്തെ സ്വാഗതം ചെയ്തു. മാസ്റ്റർ കോട്ടേജിലേക്കു കയറുന്ന സമയത്ത് റോഡുവഴിയുള്ള യാത്രാക്ഷീണം പോലും വകവെക്കാതെ അഭ്യാസികളുമൊത്ത് സമയം ചെലവഴിച്ചു.

ജൂലായ് 6–ാം തീയ്യതി രാവിലത്തെ സത്സംഗത്തിനു ശേഷം മാസ്റ്റർ “അദ്ദേഹവും ഹുക്കയും ഞാനും” എന്ന പുസ്തകത്തിൻെറ തമിഴ് വിവർത്തനം പ്രകാശനം ചെയ്തു. അദ്ദേഹം എല്ലായ്പ്പോഴും അഭ്യാസികളുമായി ചെലവഴിക്കാൻ സമയം കണ്ടെത്തിയിരുന്നു. അതുപോലെ തന്നെ ലാലാജി മെമ്മോറിയൽ ഒമേഗാ ഇൻറർനാഷണൽ സ്കൂളിൽ ഒരു സന്ദർശനവും നടത്തി. സ്കൂളിൽ നിന്നും പാസ്സായി പുറത്തു വരുന്ന ആദ്യ ബാച്ചായതിനാൽ 10–ാം ക്ലാസിലെ കുട്ടികളോട് നല്ലതു പോലെ പഠിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു.








Bangalore



Naukuchiatal



Chennai



Satkhol



Shahjahanpur



Satkhol



Ghaziabad

മാസ്റ്റർ ജൂലായ് 14–ാം തീയ്യതി കൊൽക്കത്തക്ക് പുറപ്പെട്ടു. അവിടെ അദ്ദേഹത്തോടൊപ്പം ജൂലായ് 18–ാം തീയ്യതി ഗുരുപൂർണ്ണിമയിൽ പങ്കെടുക്കുന്നതിനായി ഇന്ത്യയുടെ എല്ലാ ഭാഗത്തു നിന്നും വളരെയധികം അഭ്യാസികൾ എത്തിയിരുന്നു. അദ്ദേഹം ജൂലായ് 20–ാം തീയ്യതി ലക്നൗ ആഘോഷത്തിനായി പുറപ്പെട്ടു. ലക്നൗവിലെ ആഘോഷത്തിനു ശേഷം 28–ാം തീയ്യതി മാസ്റ്റർ റോഡു മാർഗ്ഗം ഷാജഹാൻപൂരിലേക്ക് പോയി. ഷാജഹാൻപൂരിൽ അദ്ദേഹം ബാബുജിയുടെ ഭവനം സന്ദർശിക്കുകയും അവിടെയുണ്ടായിരുന്ന കുറച്ചഭ്യാസികൾക്കു വേണ്ടി സത്സംഗം നടത്തുകയും ചെയ്തു. അതിനു ശേഷം അദ്ദേഹം ആശ്രമത്തിലേക്കു പോകുകയും ഉച്ചക്കു ശേഷം രുദ്രാപ്പൂരിലേക്കു പോകുന്നതിനു മുൻപായി അഭ്യാസികളുമായി സമയം ചെലവഴിക്കുകയും സത്സംഗം നടത്തുകയും ചെയ്തു.

നൗകുചിയാത്താലിൽ ഒരു ചെറിയ വിശ്രമത്തിനുശേഷം മാസ്റ്റർ 29–ാം തീയ്യതി ഉച്ചക്കുശേഷം മൂന്നര മണിയോടുകൂടി സത്കോലിൽ എത്തിച്ചേർന്നു. 30–ാം തീയ്യതി അദ്ദേഹം രാവിലെ സത്സംഗം നടത്തുകയും ഒരു സഹോദരൻെറ മനോഹരമായ പാട്ട് ആസ്വദിക്കുകയും ചെയ്തു. ഇത് സത്കോലിലേക്കുള്ള അദ്ദേഹത്തിൻെറ ഒരു ചെറിയ സന്ദർശനമായിരുന്നു. വഴിയിൽ രുദ്രാപ്പൂരും മൊറാദാബാദും സന്ദർശിച്ചു കൊണ്ട് മാസ്റ്റർ മീററ്റിലേക്കു പോയി.

SRCM

# ഇക്കോസ് ഇന്ത്യ

Headquarters

സപ്തംബർ 2008 സ്വകാര്യ പ്രചരണത്തിനു മാത്രം വോള്യം 1 ലക്കം 5

## മീററ്റ് ആശ്രമത്തിന്റെ ഉദ്ഘാടനം മാസ്റ്റർ നിർവ്വഹിച്ചു

2008 ആഗസ്റ്റ് ഒന്നിനു സത്കോലിൽനിന്നും ഡൽഹിയിലേക്കുള്ള യാത്രാമധ്യേ, ഒരു ചെറു സംഘത്തോടൊപ്പം മാസ്റ്റർ മീററ്റ് സന്ദർശിച്ചു. മൊറാദാബാദിൽ നിന്നും പ്രാതൽ കഴിച്ചശേഷമായിരുന്നു മാസ്റ്റർ മീററ്റിൽ എത്തിച്ചേർന്നത്. ധ്യാന മന്ദിരത്തിന്റെയും മാസ്റ്ററുടെ വസതിയുടെയും ഉദ്ഘാടനം നാട മുറിച്ചുകൊണ്ട് മാസ്റ്റർ നിർവ്വഹിച്ചു. ശിലാഫലകം അനാച്ഛാദനം ചെയ്തശേഷം മാസ്റ്റർ പുതിയ ആശ്രമം ബാബുജി മഹാരാജിന് സമർപ്പിച്ചു. പിന്നീട് മാസ്റ്റർ സത്സംഗം നടത്തുകയും അവിടെ സന്നിഹിതരായിരുന്ന 1500 ഓളം അഭ്യാസികളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു. രാവണന്റെ പത്നി മണ്ഡോദരി മീററ്റിൽ നിന്നായിരുന്നുവെന്നും രാക്ഷസ കുടുംബാംഗമായിരുന്നിട്ടുകൂടി അവർ ഒരു നല്ല സ്ത്രീയായിരുന്നുവെന്നും മാസ്റ്റർ തമാശരൂപേണ പറഞ്ഞു. തന്റെ പ്രസംഗത്തിൽ മാസ്റ്റർ താഴെ പറയുന്ന പ്രധാന കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി.

- നാമെല്ലാവരും നിശ്ശബ്ദത പാലിക്കുമെന്ന് പ്രതിജ്ഞയെടുക്കുക,അത് അന്ത:ഛിദ്രം കുറയ്ക്കുവാൻ സഹായിക്കും.
- ആന്തരികമോ, ബാഹ്യമോ ആയ അവസ്ഥയെ സൃഷ്ടിക്കുക സാധ്യമല്ല.
- എന്തു 'ചെയ്യരുത്' എന്നെങ്കിലും നാം തീരുമാനിക്കണം.
- ദൈവത്തിനു നിരക്കുന്ന രീതിയിലുള്ള സമ്പാദനവും ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ആത്മീയമായ ബന്ധവും അനിവാര്യമാണ്.

അഭ്യാസികൾ തങ്ങളുടെ പേരിൽ നിന്ന് ജാതിയെ സൂചിപ്പിക്കുന്ന പദങ്ങൾ ഒഴിവാക്കണമെന്ന് മാസ്റ്റർ സൂചിപ്പിച്ചു. ഈ പ്രവൃത്തി നിയമപരമായി സാധൂകരിക്കണമെന്നും അത് തന്നെ അറിയിക്കണമെന്നും മാസ്റ്റർ പറഞ്ഞു. ബാബുജി മഹാരാജ് ഇപ്രകാരം തന്റെ പേരിൽനിന്നും ജാതി സംഞ്ജ ഒഴിവാക്കിയത് ഈ അവസരത്തിൽ മാസ്റ്റർ ഓർമ്മിപ്പിച്ചു. ഉച്ചയോടെ മാസ്റ്റർ ഡെൽഹിയിലേക്ക് കരമാർഗ്ഗം യാത്ര തിരിച്ചു.










# പ്രസിദ്ധീകരണം

## പുതിയ പ്രകാശനങ്ങൾ

### ഹബ്ബിൾ ബബ്ബിൾ




ഈ വർഷത്തെ ഒരു സവിശേഷമായ സമാഹാരമാണ് ഹബ്ബിൾ ബബ്ബിൾ. അദ്ദേഹവും ഹുക്കയും ഞാനും എന്ന പേരിൽ പുറത്തിറങ്ങിയ പ്രഭാഷണ സമാഹാരത്തിന്റെ തുടർച്ചയായി, മാസ്റ്റർ നടത്തിയ ഭാഷണങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

മാസ്റ്റർ ഇങ്ങനെ നിരീക്ഷിക്കുന്നു. "ഞാൻ എല്ലാ അഭ്യാസികളോടും സ്വതസ്സിദ്ധതയുടെ വിളിയോട് പ്രതികരിക്കാൻ ആഹ്വാനം ചെയ്യുന്നു. നമ്മെ കാത്തിരിക്കുന്ന ഈ നിസർഗ്ഗതയിൽ ശൂന്യതയല്ലാതെ മറ്റൊന്നുമില്ല, ഇതിൽ കണ്ടെത്താനൊന്നുമില്ല, പരിലാളിക്കാനൊന്നുമില്ല, കാംക്ഷികനൊന്നുമില്ല, നേടാനൊന്നുമില്ല, എല്ലാറ്റിനും ഉപരിയായി നഷ്ട്ടപ്പെടാനും ഒന്നുമില്ല.നാം ആ ഉൾവിളിക്കുത്തരം നൽകുന്നത് വരെ നമുക്ക് ദീക്ഷ എന്നാൽ ദീക്ഷയും ഹുക്ക എന്നാൽ ഹുക്കയും പുകയെന്നാൽ പുകയും മാത്രമായിരിക്കും. പക്ഷെ നമുക്ക് ഇത് ഹബ്ബിൾ ബബ്ബിൾ (ഹുക്കയുടെ ശബ്ദം) ആണ്". അഞ്ച് ഡി വി ഡികളും പ്രഭാഷണങ്ങളടങ്ങിയ പുസ്തകവും ഉൾക്കൊള്ളിച്ച ഹബ്ബിൾ ബബ്ബിൾ മനോഹരമായാണ് പായ്ക്ക് ചെയ്തിരിക്കുന്നത്.

### DVD Set 2008




2005 മുതൽ 2007 വരെയുള്ള കാലഘട്ടത്തിൽ റാഡ്സ് - ഡെന്മാർക്ക്, ചെന്നൈ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ മാസ്റ്റർ നടത്തിയ പ്രഭാഷണങ്ങളുടെ സമാഹാരമാണ് ഡി വി ഡി സെറ്റ് 2008.

### ഹിന്ദി പ്രസിദ്ധീകരണങ്ങൾ



മാസ്റ്റർ ഹിന്ദിയിൽ നടത്തിയ പ്രഭാഷണങ്ങളടങ്ങിയ രണ്ട് ഓഡിയോ സിഡികൾ ലക്നൗവിൽ നടന്ന മാസ്റ്ററുടെ ജന്മദിനാഘോഷവേളയിൽ പ്രകാശിപ്പിക്കുകയുണ്ടായി. മാസ്റ്ററുടെ ഹിന്ദിയിലുള്ള പ്രഭാഷണ സമാഹാരം ഭാഗം ഒന്നിൽ, അദ്ദേഹം 1985 മുതൽ 1996 വരെ ചെയ്ത 14 പ്രഭാഷണങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. മാസ്റ്റർ 1993-1994 കാലഘട്ടത്തിൽ ഗാസിയാബാദ്, കോട്ട, ബെഹജ്, ഇൻഡോർ എന്നിവിടങ്ങളിൽ നടത്തിയ പ്രഭാഷണങ്ങളാണ് "പ്രേം ഹീ ഈശ്വർ ഹെ" (പ്രേമം ഈശ്വരൻ തന്നെ ആണ്) എന്ന മറ്റൊരു വീഡിയോ സിഡിയിൽ അടങ്ങിയിരിക്കുന്നത്.

### മാസ്റ്റേർസ് ചോയ്സ്

സംഗീതത്തിൽ പ്രാവീണ്യരായ നമ്മുടെ സഹോദരീ സഹോദരന്മാർ ആലപിച്ച ഗാനങ്ങളുടെ സമാഹാരമാണിത്. പാട്ടുകളടങ്ങിയ രണ്ട് സിഡികളാണ് ഈ ആൽബത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

### ഹാർട്ട് സ്പീക്ക്




ഇന്ത്യയിലും വിദേശത്തും 2007ൽ മാസ്റ്റർ നടത്തിയ പ്രഭാഷണങ്ങളുടെ സമ്പൂർണ്ണ സമാഹാരമാണ് ഹാർട്ട് സ്പീക്ക് 2007 എന്ന ഗ്രന്ഥം. അഭ്യാസികളുമായി 2006-2007ൽ മാസ്റ്റർ നടത്തിയിട്ടു അനൗദ്യോഗിക സംഭാഷണങ്ങൾ അടങ്ങിയ ഒരു ഭാഗവും ഈ ഗ്രന്ഥത്തിലുണ്ട്.

SRCM

# ഇക്കോസ് ഇന്ത്യ

സപ്തംബർ 2008 സ്വകാര്യ പ്രചരണത്തിനു മാത്രം വോല്യം 1 ലക്കം 5

## ഉത്തരാഖണ്ഡ് : വി.ബി.എസ്.ഇ പരിശീലകർക്കായുള്ള പരിശീലനപരിപാടി

ജൂൺ 28–29 തീയ്യതികളിൽ ഡെറാഡൂൺ ആശ്രമത്തിൽ വെച്ച് നടത്തിയ ഈ പരിശീലനത്തിൽ ഉത്തരാഖണ്ഡിൽ നിന്നും എഴുപത് അഭ്യാസികളും യു.പി. യിൽ നിന്ന് ഒൻപത് അഭ്യാസികളും പങ്കെടുത്തു.

പങ്കെടുത്തവർക്ക് സഹോദരൻ എം.എൽ. മിത്തൽ (സോണൽ ഇൻ ചാർജ്ജ് ഉത്തരാഖണ്ഡ്) സ്വാഗതമരുളി. സഹോദരി നീര രഘുവൻശി വി.ബി.എസ്.ഇ യുടെ പശ്ചാത്തലത്തെപ്പറ്റിയും എസ്.എം.ആർ.ടി.ഐ പുറത്തിറക്കിയിട്ടുള്ള ടീച്ചേർസ് ഗൈഡിനെപറ്റിയും സംസാരിച്ചു.

സ്കൂളുകളിൽ വി.ബി.എസ്.ഇ പരിശീലനത്തിനുള്ള സംസ്ഥാന സർക്കാറിന്റെ അനുവാദം ലഭിച്ചതിനാൽ അഭ്യാസികൾക്ക് വി.ബി.എസ്.ഇ പരിശീലകരാവാനുള്ള പരിശീലനം നൽകേണ്ടതിന്റെ ആവശ്യകതയെ പറ്റി ഡെറാഡൂൺ സെൻററിലെ സഹോദരൻ ആർ.എസ്.ചൗഹാൻ സംസാരിച്ചു. ചെറു കഥകളിലൂടെയും കളികളിലൂടെയും വി.ബി.എസ്.ഇ എങ്ങനെ ക്ലാസ്സുകളിൽ പഠിപ്പിക്കാം എന്നതിനെപ്പറ്റി സഹോദരിമാർ ചന്ദ്രകാന്തയും പ്രീതിയും ചേർന്നു നടത്തിയ പ്രദർശനമായിരുന്നു ഈ പരിശീലനത്തിലെ മുഖ്യ ഇനം. സഹോദരന്മാർ ജി.ഡി.സരിനും രമേശ് ഡാലകോട്ടിയും പരിശീലകരായിരിന്നു.

വൈകുന്നേരത്തെ ചായക്ക് ശേഷം അംഗങ്ങളെ നാല് ഗ്രൂപ്പുകളായി തിരിച്ചു.

ഗ്രൂപ് ഒന്ന്: ക്ലാസ്സുകളിൽ വി.ബി.എസ്.ഇ പഠിപ്പിക്കുവാൻ ഇഷ്ടപ്പെടുന്ന വളണ്ടിയർമാരാണ് ഈ ഗ്രൂപ്പിലെ അംഗങ്ങൾ

ഗ്രൂപ് രണ്ട്: സ്കൂളുകളിൽ ചെന്ന് സ്കൂൾ അദ്ധ്യാപകരോട് വി.ബി.എസ്.ഇ യെ പറ്റി സംസാരിക്കുവാൻ ഇഷ്ടപ്പെടുന്ന വളണ്ടിയർമാരാണ് ഈ ഗ്രൂപ്പിലെ അംഗങ്ങൾ.

ഗ്രൂപ് മൂന്ന്: അഭ്യാസികൾക്കും സ്കൂൾ അദ്ധ്യാപകർക്കും വി.ബി.എസ്.ഇ പരിശീലനം നൽകുക എന്നതാണ് ഈ ഗ്രൂപ്പിലെ വളണ്ടിയർമാരുടെ പ്രധാന ചുമതല.

ഗ്രൂപ് നാല്: വി.ബി.എസ്.ഇ പ്രോഗ്രാം നടത്തുന്നതിനായി സ്കൂളധികാരികളുമായി സംസാരിക്കുക എന്നതാണ് ഈ ഗ്രൂപ്പിലെ വളണ്ടിയർമാരുടെ പ്രധാന ചുമതല.

തങ്ങളുടെ ചുമതല എങ്ങനെ നിർവഹിക്കാമെന്ന് ജഡ്ജ്മാരുടെയും സദസ്സിന്റെയും മുൻപിൽ അവതരിപ്പിക്കുവാൻ ഒരോ ഗ്രൂപ്പിലെ അഭ്യാസിക്കും അവസരം നൽകി.

പങ്കെടുത്തവർക്കെല്ലാം പരിപാടിയുടെ അവസാനത്തിൽ സഹോദരൻ എം.എൽ.മിത്തൽ നന്ദി പ്രകാശിപ്പിക്കുകയും, മാസ്റ്റർ ഉദ്ദേശിക്കുന്ന രീതിയിൽ അവരെല്ലാം പ്രവർത്തിക്കുമെന്ന് പ്രത്യാശിക്കുകയും ചെയ്തു







## പ്രബന്ധ രചന

ശ്രീ രാം ചന്ദ്ര മിഷൻ 2005 ഡിസംബർ മുതൽ ഐക്യരാഷ്ട്ര സഭയുടെ പബ്ലിക് ഇൻഫർമേഷൻ ഡിപ്പാർട്മെന്റുമായി സഹകരിച്ചു പ്രവർത്തിക്കുന്ന ഒരു എൻ.ജി.ഒ ആണ്. ഐക്യരഷ്ട്രസഭയുടെ ഉദ്ദേശത്തെയും പ്രവർത്തനങ്ങളെയും അതുപോലെ ആഗോളപ്രശ്നങ്ങളെയും പറ്റി പ്രചാരണം നടത്തുക, അവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക തുടങ്ങിയ പ്രതിബദ്ധത നിറവേറ്റുകയാണ് ഐക്യരാഷ്ട്രസഭയോട് സഹകരിച്ച് പ്രവർത്തിക്കുമ്പോൾ നമ്മുടെ മിഷൻ ചെയ്യുന്നത്.

12 ആഗസ്തിന് ആഘോഷിക്കപ്പെടാറുള്ള ഐക്യരാഷ്ട്രസഭയുടെ അന്താരാഷ്ട്ര യുവജന ദിനത്തിന്റെ ഭാഗമായി ശ്രീ രാമ ചന്ദ്ര മിഷന്റെ കാർമികത്വത്തിൽ ഒരു അഖിലേന്ത്യാ പ്രബന്ധ രചനാ മത്സരം രാജ്യത്തെ എല്ലാ സ്കൂളുകളിലും കോളേജുകളിലും സംഘടിപ്പിക്കപ്പെടുകയുണ്ടായി.

സീനിയർ വിഭാഗത്തിന് (17 മുതൽ 24 വയസ്സ് വരെ) “സ്വയം ബഹുമാനവും, ആത്മവിശ്വാസവും സ്വഭാവ രൂപീകരണത്തിന് ഉതകും” എന്ന വിഷയവും, ജൂനിയർ വിഭാഗത്തിന് (10 മുതൽ 16 വയസ്സുവരെ) “സത്യമാണ് ധൈര്യം” എന്ന വിഷയവുമാണ് നൽകപ്പെട്ടത്.

പ്രബന്ധ രചനയ്ക്കുള്ള അവസാന തീയ്യതി ആഗസ്റ്റ് 31 ആയിരുന്നു.

## ഗുൽബർഗ്ഗ കർണ്ണാടകം



ജൂലായ് ആറാം തീയ്യതി ഗുൽബർഗ ആശ്രമത്തിലെ മാസ്റ്ററുടെ വസതിയ്ക്ക് മുൻപിലുള്ള പുൽത്തകിടിയിൽ വെച്ച് അഭ്യാസികളുടെ കുട്ടികൾക്കായി ഒരു പ്രബന്ധരചനാമത്സരം നടത്തുകയുണ്ടായി. “അഭ്യാസികളായതിനുശേഷം തങ്ങളുടെ മാതാപിതാക്കളിലും ബന്ധുക്കളിലും വന്ന മാറ്റങ്ങൾ” എന്നതായിരുന്നു വിഷയം. വിവിധ പ്രായത്തിലുള്ള പതിനൊന്ന് കുട്ടികൾ ഇതിൽ പങ്കെടുത്തു. ഇതൊരു ചെറിയ തുടക്കം മാത്രമായിരുന്നു. ഇതുപോലെ ചിത്രരചനാ മത്സരവും നടത്തുവാൻ തീരുമാനിച്ചു.

## നൻജൻഗുഡ്, കർണ്ണാടകം

അഖിലേന്ത്യാ പ്രബന്ധരചനാ മത്സരത്തിനുവേണ്ടി കുട്ടികളെ ക്ഷണിക്കാൻ സ്കൂളുകളിൽ ചെന്ന മൈസൂരിനടുത്തുള്ള നൻജൻഗുഡിലെ അഭ്യാസികൾക്ക് അതൊരു പുതിയ അനുഭവമായിരുന്നു. അവരുടെ പരിശ്രമത്താൽ 13 സ്കൂളുകളിൽ നിന്നും 105 കുട്ടികൾ ഈ മത്സരത്തിൽ പങ്കെടുത്തു. പങ്കെടുത്തവരുടെ രചനകളെ ടീച്ചർമാരായ അഭ്യാസികൾ മൂല്യ നിർണ്ണയം നടത്തുകയും, സഹജ മാർഗ്ഗത്തെപറ്റിയുള്ള പുസ്തകങ്ങൾ കുട്ടികൾക്ക് സമ്മാനമായി നൽകുകയും ചെയ്തു.





SRCM
ഇക്കോസ് ഇന്ത്യ
സപ്തംബർ 2008 സ്വകാര്യ പ്രചരണത്തിനു മാത്രം വോല്യം 1 ലക്കം 5

## “ഈ കേന്ദ്രത്തിന്റെ വളർച്ചക്ക് എനിക്ക് എന്തു സംഭാവന ചെയ്യുവാൻ സാധിക്കും?”

ആഗസ്റ്റ് 10 2008-നു ഈ ചോദ്യം ഇൻഡോറിലെ അഭ്യാസികളോട് ചോദിച്ചു. ലക്നൗ ജന്മദിനാഘോഷത്തിൽ 125 പേർ മാത്രമാണ് പങ്കെടുത്തത്. എല്ലാവരും സോത്സാഹം ചർച്ചയിൽ പങ്കെടുത്തു.

വളർച്ച കൊണ്ട് എന്താണുദ്ദേശിക്കുന്നത്? എണ്ണത്തേക്കാളുപരി അഭ്യാസികളുടെ വ്യക്തിഗത വളർച്ചയ്ക്കും, അവരിലെ മാറ്റത്തിനുമാണ് ഊന്നൽ കൊടുത്തത്. സന്നദ്ധസേവനത്തിലൂടെ നമ്മുടെ വളർച്ച ത്വരിതപ്പെടുന്നു. നമ്മുടെ വളർച്ചയ്ക്കനുസൃതമായി കേന്ദ്രം എന്ന ആശയം പ്രാദേശിക തലത്തിൽ വികസിച്ച് ആഗോളതലത്തിൽ എത്തേണ്ടിയിരിക്കുന്നു.



അവസാനമായി ഉരുത്തിരിഞ്ഞു വന്ന ആശയം ഇതായിരുന്നു. “ പ്രധാനമായ സംഭാവന അദ്ദേഹവുമായി സഹകരിക്കുക എന്നതാണ്. നമ്മുടെ മാനുഷിക ഇച്ഛാശക്തി കൊണ്ട് അദ്ദേഹത്തിന്റെ നമ്മിലുള്ള പ്രവൃത്തിയിൽ തടസ്സങ്ങൾ സൃഷ്ടിക്കാതിരിക്കുക. നമ്മുടെ ഉന്നമനത്തിനു വേണ്ടി നിരുപാധികം അദ്ദേഹത്തെ അനുസരിക്കുക”.

## നേതൃത്വ പരിശീലനത്തിനുള്ള സർഗ്ഗാത്മക ശിൽപശാല

ജൂൺ 22,2008നാണ് പ്രതിബദ്ധരായ വളണ്ടിയമാർക്കുവേണ്ടി വഡോദര ആശ്രമത്തിൽ വെച്ച് നൂതനമായ ഈ ക്യാമ്പ് സംഘടിപ്പിച്ചത്. വ്യവസായ മേഖലയിലെ ഒരു വിദഗ്ദ പരിശീലകനാണ് ഇരുപത്തഞ്ചോളം വരുന്ന അഭ്യാസികൾക്ക് (മൂന്ന് പ്രിസെപ്റ്റർമാർ ഉൾപ്പെടെ) പരിശീലനം നൽകിയത്. ഫലപ്രദമായ ആശയവിനിമയം, സർഗ്ഗാത്മകമായ പ്രശ്ന പരിഹാരം, പ്രവൃത്തികളെയും, വ്യക്തികളെയും തിരിച്ചറിഞ്ഞുള്ള നേതൃത്വ സങ്കൽപം, സാഹചര്യങ്ങളിലൂടെയുള്ള നേതൃത്വം എന്നീ വിഷയങ്ങളിലൂന്നിയായിരുന്നു പരിശീലനം നൽകിയിരുന്നത്. പരിശീലനത്തിൽ പങ്കെടുത്തിരുന്നവരെ, സാധാരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വഴികളെക്കുറിച്ച് ക്രിയാത്മകമായി ചിന്തിക്കുന്നതിനും തങ്ങളുടെ അത്തരം അനുഭവങ്ങൾ പങ്കുവെക്കുന്നതിലും, പാഠങ്ങൾ ഉൾക്കൊള്ളുന്നതിനും ഈ ശിൽപശാല സഹായിച്ചു. എല്ലാവരും ഇത്തരം സാഹചര്യങ്ങൾ മിഷന്റെ ആഘോഷങ്ങളടക്കമുള്ള സന്ദർഭങ്ങളിൽ വളർത്തിയെടുക്കേണ്ട നേതൃത്വ ഗുണങ്ങളുമായി ബന്ധപ്പെടുത്തി സംസാരിച്ചു.

## അഹമ്മദാബാദിലെ യുവാക്കൾക്ക് വേണ്ടി നടത്തിയ വിദഗ്ദ പരിശീലന പരിപാടി



“ഉത്സാഹത്തിന്റെ വ്യത്യാസം ശ്രദ്ധേയമാണ്” എന്നതായിരുന്നു 45 യുവ അഭ്യാസികൾക്കുവേണ്ടി ഗുജറാത്തിൽ 2008 ജൂൺ 22-നു നടത്തിയ പരിശീലന പദ്ധതിയുടെ വിഷയം. ഇവരെ അഞ്ചു ഗ്രൂപ്പുകളായി തിരിച്ച് പ്രിസെപ്റ്റർമാരുടെ നേതൃത്വത്തിൽ ഗ്രൂപ്പുചർച്ചകൾ, പല വിഷയങ്ങളെ കുറിച്ചുള്ള ലേഖനങ്ങൾ, അവതരണങ്ങൾ, ചോദ്യോത്തരങ്ങൾ എന്നിവയുണ്ടായി. തുടർന്ന് കലാപരിപാടികളും, ഭക്ഷണവും ഉണ്ടായിരുന്നു. ആരംഭം മുതൽ തന്നെ പരിപാടിയുടെ വിഷയത്തിനു യോജിച്ച വിധത്തിൽ ഉത്സാഹവും ആവേശവും പ്രകടമായിരുന്നു എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. മുതിർന്നവരും ഇതിൽ നിന്നും വ്യത്യസ്തരായിരുന്നില്ല.

## നെയ്‌വേലിയിലെ (തമിഴ്നാട്) ആത്മീയ കൂട്ടായ്മ

ലിഗ്നൈറ്റ് ഖനികൾക്ക് പ്രസിദ്ധമാണ് നെയ്‌വേലി. ജൂൺ 29, 2008-നു അഭ്യാസികൾക്ക് വേണ്ടി ഇവിടെ ഒരു മുഴുവൻ ദിവസ പരിപാടി സംഘടിപ്പിച്ചു. അവിടത്തെ അഭ്യാസികളെ കൂടാതെ കടലൂർ, പോണ്ടിച്ചേരി, വില്ലുപുരം, വൃദ്ധാചലം, പാൻറുതി എന്നീ കേന്ദ്രങ്ങളിൽ നിന്നെല്ലാമായി 140 അഭ്യാസികളും പതിനഞ്ചു കുട്ടികളും ഈ പരിപാടിയിൽ പങ്കെടുത്തു.

മൂന്ന് ‘എം’ കളെക്കുറിച്ച് ഒരു ക്വിസ്സ് പ്രോഗ്രാമായിരുന്നു ആദ്യം. തുടർന്ന് സ്നേഹം, സഹനശക്തി, പ്രതിബദ്ധത, സാഹോദര്യം എന്നീ വിഷയങ്ങളെക്കുറിച്ച് അഭ്യാസികൾ ലഘു പ്രഭാഷണങ്ങൾ നടത്തി. ഇത് അഭ്യാസികളിൽ താൽപര്യവും, പങ്കാളിത്തവും ജനിപ്പിച്ചു. അഭ്യാസികളുടെ ലേഖനങ്ങൾക്കു പുറമെ, ഒരു അഭ്യാസി ദമ്പതികളുമായുള്ള കൂടിക്കാഴ്ചയും ഉണ്ടായിരുന്നു. സഹജ മാർഗ്ഗം എങ്ങനെ അവരുടെ കുടുംബ ജീവിതത്തെ സ്വാധീനിച്ചു എന്നതായിരുന്നു കൂടിക്കാഴ്ചയിലെ വിഷയം. ഇത് വളരെ ഫലപ്രദമായിരുന്നു. അവസാനമായി സത്സംഗത്തിന്റെ അർത്ഥത്തെ കുറിച്ച് രണ്ട് അഭ്യാസികളുടെ അവതരണവും, അതേത്തുടർന്ന് ചർച്ചയും, വിശദീകരണവും നടന്നു.





## പരിശീലന പരിപാടികൾ

### ധൻബാദ്

ജൂൺ 28, 29 തീയ്യതികളിൽ കൊൽക്കത്ത, റാണിഗഞ്ച്, ധൻബാദ്, സിന്ദ്രി, ബൊക്കാറോ, ഗിരിദ്രി എന്നീ കേന്ദ്രങ്ങളിൽ നിന്നുള്ള 80 അഭ്യാസികൾ ഈ പരിപാടിയിൽ പങ്കെടുത്തു. ധൻബാദ് കേന്ദ്രത്തിലെ സെൻറർ ഇൻ ചാർജ്ജ് സഹോദരൻ വൈ.പി.കെ. മൂർത്തിയും മറ്റു പ്രിസെപ്റ്റർമാരും, വളണ്ടിയർമാരുമായിരുന്നു ഇതിൻെറ സൂത്രധാരകർ.

ശുദ്ധീകരണം, ധ്യാനം, പ്രാർത്ഥന തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള അവതരണമായിരുന്നു മുഖ്യ ആകർഷണം. “സഹജ മാർഗ്ഗം ഒരു ജീവിതരീതി” എന്ന വിഷയത്തിലൂന്നി പൊതു ജനങ്ങൾക്കുവേണ്ടി ഒരു തുറന്ന സദസ്സും വൈകുന്നേരമുണ്ടായിരുന്നു. പ്രിസെപ്റ്റർമാരുടെ പ്രഭാഷണത്തിനുശേഷം പ്രിസെപ്റ്റർമാരും അതിഥികളും തമ്മിലുണ്ടായ അനൗദ്യോഗികമായ ചർച്ച കൗതുകമുണർത്തുന്നതായിരുന്നു.

ചോദ്യോത്തരങ്ങൾക്കുശേഷം രണ്ടാമത്തെ ദിവസം “സഹജ മാർഗ്ഗത്തിൽ ചേരുന്നതിനു മുമ്പും പിമ്പും” എന്ന വിഷയത്തെക്കുറിച്ച് ഗ്രൂപ്പ് ചർച്ച നടന്നു. അതു വളരെ ഫലപ്രദമായിരുന്നു. അഭ്യാസികൾ ഹൃദയം തുറന്ന് സംസാരിച്ചു. അവർ സഹജ മാർഗ്ഗത്തിൽ ചേർന്നതിനു ശേഷം അവരുടെ ജീവിതത്തിലുണ്ടായ അത്ഭുതങ്ങളും, മാസ്റ്റർ എല്ലായ്പ്പോഴും കൂടെ തന്നെയുണ്ട് എന്ന് ദ്യോതിപ്പിക്കുന്ന അനുഭവങ്ങളും വിശദീകരിച്ചു.

### ടിൻസൂക്കിയ





ടിൻസൂക്കിയയിൽ നിന്നും ചുറ്റുപാടുമുള്ള ഡിബ്രുഗർ, സിബ്സാഗർ, നസീറ, ഡിഗ്ബോയ്, ഡൂംഡൂമ, നഹർകാഷിയ, ദുലിയാജാൻ, അരുണാചൽ എന്നീ കേന്ദ്രങ്ങളിൽ നിന്നുമായി 2000-ൽ അധികം അഭ്യാസികൾ ജൂൺ 29-നു ടിൻസൂക്കിയ ആശ്രമത്തിൽ വെച്ചു നടത്തിയ പരിശീലന പദ്ധതിയിൽ പങ്കെടുത്തു.

മാസ്റ്ററുടെ നൊമ്പരം, ധാർമ്മികത, സഹജ മാർഗ്ഗ സാധന എന്നീ വിഷയങ്ങളെക്കുറിച്ച് ലേഖനങ്ങൾ അവതരിപ്പിച്ചു. തുടർന്ന് ചോദ്യോത്തരങ്ങൾ ഉണ്ടായി. പരിപാടികൾ ആസൂത്രണം ചെയ്ത സഹോദരൻ അശോക് സെൻ ഗുപ്ത, മാസ്റ്ററെ ഉദ്ധരിച്ചു കൊണ്ട് ഇങ്ങനെ പറഞ്ഞു “നമുക്ക് കിട്ടുന്നതെന്തും മറ്റുള്ളവർക്ക് വീതിച്ചു നൽകണം”. “ഓരോ അഭ്യാസിയും വർഷത്തിൽ ഒരു പുതിയ അഭ്യാസിയെ കൊണ്ടു വന്നാൽ കേന്ദ്രം വളരെ വേഗത്തിൽ വളരും”, എന്നു മാസ്റ്റർ ഗോവയിൽ വച്ച് നടത്തിയ പരാമർശവും ചർച്ചയിൽ പൊങ്ങി വന്നു.

ബാബൂജി മഹാരാജ് ടിൻസൂക്കിയ കേന്ദ്രം പല തവണ സന്ദർശിച്ചതായി ചിത്രങ്ങൾ സഹിതം വിവരിച്ചു കൊടുത്തു. ഈ സ്ഥലത്തെക്കുറിച്ച് ബാബൂജി മഹാരാജിൻെറ സ്വപ്നം ഇതുവരെ സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല. എന്നാൽ നാം ആ ചുമതല ഇപ്പോൾ ഏറ്റെടുക്കുകയാണെങ്കിൽ മാസ്റ്ററുടെ അനുഗ്രഹത്താൽ ആ സ്വപ്നപൂർത്തീകരണം യാഥാർത്ഥ്യമാവും.

### ഗുൽബർഗ

ജൂലൈ ആറിന് ഒരു ദിവസത്തെ അഭ്യാസി ട്രെയിനിംഗ് പ്രോഗ്രാം ഗുൽബർഗയിലുള്ള ആശ്രമത്തിൽ വെച്ച് നടത്തുകയുണ്ടായി. 25 അഭ്യാസികൾ ഈ പരിപാടിയിൽ പങ്കെടുത്തു. സഹജ മാർഗ്ഗ പരിശീലനത്തിൻെറ അടിസ്ഥാന തത്വങ്ങളെക്കുറിച്ച് സമ്പൂർണ്ണമായ അറിവു നേടുക എന്നതായിരുന്നു ഇതിൻെറ ഉദ്ദേശം. വിഷയാവതരണങ്ങൾക്കുശേഷം ചോദ്യോത്തരങ്ങളുമുണ്ടായി.



### ഡൽഹി കേന്ദ്രത്തിലെ യുവജന ശിൽപശാല

2008 ജൂലായ് ആറിന് ഈ ശിൽപശാലയിൽ പങ്കെടുത്ത എല്ലാ യുവ അഭ്യാസികൾക്കും ഇതൊരു നൂതന അനുഭവമായിരുന്നു. പരിശീലന പരിപാടിയുടെ വിഷയം “നമുക്ക് നേടേണ്ടതെല്ലാം ഇപ്പോൾ ഇവിടെ വെച്ചാണ്” എന്നതായിരുന്നു. ഇതിൽ പങ്കെടുത്തവരെയെല്ലാം എട്ടു ഗ്രൂപ്പുകളായി തിരിച്ചു. ഓരോ ഗ്രൂപ്പിനും കോ-ഓർഡിനേറ്റർമാരും ഉണ്ടായിരുന്നു. സന്തുലനം, സ്നേഹം, വിശ്വാസം, ക്ഷമ, ഇച്ഛാശക്തി, ഇപ്പോൾ ഇവിടെ, അച്ചടക്കം, സമയം എന്നീ വിഷയങ്ങളാണ് ഗ്രൂപ്പ് ചർച്ച ചെയ്തത്. സ്വാമി വിവേകാനന്ദൻെറ വിശ്വവിഖ്യാതമായ “ഉത്തിഷ്ഠത ജാഗ്രത” എന്ന ആഹ്വാനത്തെക്കുറിച്ച് ഒരു നാടകം അരങ്ങേറി.

ഭൗതിക സംസ്കാരത്തിൻെറ ആഗ്രഹങ്ങൾക്കും ലക്ഷ്യങ്ങൾക്കും പിറകെ പായുന്നതിൻെറ അപകട സാധ്യതയെക്കുറിച്ചുള്ള മുന്നറിയിപ്പ് തരുന്ന മാസ്റ്ററുടെ പ്രഭാഷണങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. താഴെ പറയുന്ന വിഷയങ്ങൾ ഊന്നിപ്പറയുകയുണ്ടായി. വിവേചിച്ചറിയുവാൻ വേണ്ടിയാണ് ബുദ്ധി. അച്ചടക്കത്തോടെയും വിവേചനത്തോടെയും മാത്രമേ മനസ്സുപയോഗിക്കുവാൻ പാടുള്ളൂ. ഓരോ ദിവസവും ഏറ്റവും ഉയർന്ന ആത്മീയോന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്നതിനു മുൻതൂക്കം നൽകണം. അതു മാത്രമേ, ജീവിതത്തിൽ സന്തോഷം പ്രദാനം ചെയ്യുകയുള്ളൂ.

### സിലിഗുരി

സഹജ മാർഗ്ഗ പരിശീലനം മനസ്സിലാക്കുന്നതിനും, അത് ഹൃദിസ്ഥമാക്കുന്നതിനും വേണ്ടി സിലിഗുരിക്കും, സമീപ കേന്ദ്രങ്ങളായ റായ്ഗഞ്ച്, ഡാർജീലിങ്ങ്, ബിജോൺബരി, ഗാംഗ്ടോക് എന്നീ കേന്ദ്രങ്ങളിൽ നിന്നും എത്തിയ 50 അഭ്യാസികൾക്കു വേണ്ടി ശിൽപശാല നടത്തി. ജൂൺ 7,8 എന്നീ തീയ്യതികളിൽ റിഷി ഭവൻ, സിലിഗുരി എന്ന സ്ഥലത്തുവെച്ചാണ് ഈ രണ്ടു ദിവസത്തെ പരിശീലനം സംഘടിപ്പിച്ചത്. വ്യക്തിഗത സിറ്റിംഗുകൾക്കും, സത്സംഗത്തിനും പുറമെ, നിത്യാഭ്യാസം, നിരന്തര സ്മരണ, ദശസൂക്തങ്ങൾ എന്നിവയെക്കുറിച്ചും വിശദീകരിക്കുയുണ്ടായി. പുതിയ അഭ്യാസികൾക്ക് ഈ ശിൽപശാല വളരെ ഗുണം ചെയ്തു. അവരുടെ പല സംശയങ്ങളും ആശയക്കുഴപ്പങ്ങളും ദൂരീകരിച്ചു. ഇത്തരം ശിൽപശാലകൾ ഇടക്കിടക്ക് നടത്തണം എന്ന ആശയവും മിക്ക അഭ്യാസികൾക്കുമുണ്ടായി.

## തുറന്ന സദസ്സുകൾ

### ദിബ്റുഗാർ

ജൂൺ 28, 2008-ന് സഹോദരൻ ഡൂൺഗാർമൽ അഗർവാൾ ദിബ്റുഗാർ സെൻററിൽ ഒരു തുറന്ന സദസ്സ് സംഘടിപ്പിച്ചു. പങ്കെടുത്ത 33 പേരിൽ 9 പേർ സിറ്റിംഗ് എടുത്തു. കൂടാതെ മറ്റു ചിലർ ഉടൻ തന്നെ പരിശീലനം തുടങ്ങുവാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. ഗൗഹാത്തി സെൻററിലെ സഹോദരൻ അശോക് സെൻ ഗുപ്ത തുറന്ന സദസ്സിനു നേതൃത്വം നൽകി.

### നന്ത്യാൽ, ആന്ധ്രാപ്രദേശ്

150-ഓളം വരുന്ന അദ്ധ്യാപകർക്കായി നന്ത്യാലിലെ മുനിസിപ്പൽ ഹൈസ്കൂളിൽ "യോഗയും ധ്യാനവും" എന്ന പരിപാടി നടത്തി. മൂന്നു ബാച്ചുകളിലായി, ജൂൺ 4 മുതൽ 8 വരെയാണ് ഇതു നടത്തിയത്. സമതുലനത്തോടും സമ്മർദ്ദമില്ലാതെയുമുള്ള ജീവിതം നയിക്കേണ്ടതെങ്ങിനെയെന്നതിനെപ്പറ്റി അവിടെ ചർച്ച നടത്തി. ജൂൺ 26-ാം തീയ്യതി നന്ത്യാലിലെ പുല്ലോജി റാവു കോളേജ് ഓഫ് എഡ്യുക്കേഷനിൽ വെച്ച് സഹജ മാർഗ്ഗ ധ്യാന പരിശീലനം അദ്ധ്യാപകവൃത്തിയെ സഹായിക്കുന്നതെങ്ങിനെയെന്നും, വിദ്യാർത്ഥികളിൽ മൂല്യങ്ങൾ ഉണർത്തുന്നതിന് ഉതകുന്നതെങ്ങിനെയെന്നും അഭ്യാസി സഹോദരർ നടത്തിയ പരിപാടിയിൽ വിശദീകരിച്ചു. അദ്ധ്യാപന പരിശീലനം നടത്തുന്നവർ 60 ഓളം ഇതിൽ പങ്കെടുത്തു.

### മണ്ഡമരി, ആന്ധ്രാപ്രദേശ്

കാർമൽ ഹൈസ്കൂൾ മാനേജ്മെൻറിൻെറ അപേക്ഷയനുസരിച്ച്, അവിടെ എഴുപതോളം അദ്ധ്യാപകർക്കായി ധ്യാന പരിശീലനത്തെപ്പറ്റി ഒരു ചർച്ച സംഘടിപ്പിച്ചു. അഭ്യാസികളായ അദ്ധ്യാപകർ ധ്യാനത്തിൻെറ ആവശ്യകതയെപ്പറ്റിയും അവരുടെ അനുഭവങ്ങളെക്കുറിച്ചും സംസാരിച്ചു. സ്കൂളിലെ നോട്ടീസ് ബോർഡിൽ മിഷൻ പ്രാർത്ഥന പ്രദർശിപ്പിച്ചിട്ടുണ്ട്.

### വഡോധര, ഗുജറാത്ത്

ജൂലൈ 6, 2008-ന് അളകാപുരിയിലെ ബറോഡ ഹൈസ്കൂൾ ആഡിറ്റോറിയത്തിൽ വെച്ച് 90-ഓളം അദ്ധ്യാപകർക്കും മറ്റു അതിഥികൾക്കുമായി ഒരു തുറന്ന സദസ്സ് നടത്തി. "ജീവിതത്തിൽ



ആത്മീയതയുടെ ആവശ്യകത", "ധ്യാനത്തിൻെറ പ്രസക്തി", "സഹജ മാർഗ്ഗ സാധനയുടെ സവിശേഷതകളും മനുഷ്യ മനസ്സിലതുണ്ടാക്കുന്ന മാറ്റങ്ങളും" എന്നീ വിഷയങ്ങളെ പരാമർശിച്ച് ചർച്ച നടന്നു. സഹജ മാർഗ്ഗ സാധനയിലൂടെ ഉണ്ടായ മാറ്റങ്ങൾ അഭ്യാസികൾ അവിടെ വിവരിച്ചു.

## ഗുൽബർഗ-ഗ്രാമീണ സംരംഭങ്ങൾ




ജൂലായ് 6, 2008-ന് ഇരുപത്തിയഞ്ചോളം പേർ സംബന്ധിച്ച ഒരു തുറന്ന സദസ്സ് അയിനോളി ഗ്രാമത്തിലെ അഭ്യാസിയുടെ വിട്ടിൽ വെച്ച് നടത്തി. സഹജ മാർഗ്ഗത്തെക്കുറിച്ചുള്ള വിശദീകരണത്തിനു ശേഷം ഉയർന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകി. സമീപ പ്രദേശമായ കനകപുര ഗ്രാമത്തിൽ നടത്തിയ പരിപാടിയിൽ 35 ഓളം പേർ പങ്കെടുത്തു. ഈ രണ്ടു പരിപാടികളും തികച്ചും ഗ്രാമീണമായ അന്തരീക്ഷത്തിലാണ് നടത്തിയത്. സഹജ മാർഗ്ഗത്തെ പറ്റി ഏറ്റവും എളുപ്പവും ലളിതവുമായ വിശദീകരണമാണ് നൽകിയത്. ഇതിൽ പങ്കെടുത്തവർക്ക് പ്രചോദനം നൽകുവാനും അവർ ഇപ്പോൾ തുടർന്ന് കൊണ്ടു വരുന്ന പദ്ധതികളെപ്പറ്റി പുനർചിന്തനം നടത്തുവാനും ഇത് ഉപകരിച്ചു.

### കൊടൈക്കനാൽ, തമിഴ്നാട്

തമിഴ്നാട്ടിലെ ഒരു മലമ്പ്രദേശമായ കൊടൈക്കനാൽ, മധുര സെൻററിനു കീഴിലുള്ള ഒരു ഉപ-സെൻററാണ്. ഈ പ്രദേശത്ത് മിഷൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ മധുരയിലെ പ്രിഫെക്റ്റുമാർ ചെയ്തു കൊണ്ടിരിക്കുന്നുണ്ട്. ജൂലായ് 12, 2008-ന് സഹജ മാർഗ്ഗ പദ്ധതിയെക്കുറിച്ചുള്ള ഒരു വിശദീകരണ യോഗം ഭവൻസ് ഗാന്ധി വിധ്യാശ്രം സ്കൂളിൽ വെച്ച് നടത്തി. 25 ഓളം അദ്ധ്യാപകർ ഇതിൽ പങ്കെടുത്തു. ധ്യാന പരിശീലനം തുടങ്ങുന്നതിന് അവരെ പ്രോത്സാഹിപ്പിക്കാൻ വേണ്ടതു ചെയ്യാമെന്ന് പ്രിൻസിപ്പാൾ ഉറപ്പു നൽകി. പ്രിഫെക്റ്റ് സഹോദരൻ രാമനാഥനും അഭ്യാസി സഹോദരൻ ചന്ദ്ര പ്രസാദുമാണ് കൊടൈക്കനാലിൽ ഈ പരിപാടിക്ക് നേതൃത്വം നൽകിയത്.

കൊടൈക്കനാലിൽ ശ്രീ ശങ്കര വിദ്യാലയ മെട്രിക്കുലേഷൻ ഹൈയർ സെക്കൻററി സ്കൂൾ അധികാരികൾ, അവിടെ ഒരു തുറന്ന സദസ്സ് നടത്തുന്നതിനായി മിഷനെ ക്ഷണിച്ചു. 20 ഓളം അദ്ധ്യാപകർ ആഗസ്റ്റ് 8, 2008-ന് നടത്തിയ ഈ പരിപാടിയിൽ പങ്കെടുത്തു. സഹജ മാർഗ്ഗ പദ്ധതിയെപ്പറ്റിയുള്ള വിശദീകരണത്തിനുശേഷം പ്രിൻസിപ്പാൾ അടക്കം 13 ഓളം പേർ പരിശീലനം തുടങ്ങാൻ സന്നദ്ധത പ്രകടിപ്പിച്ചു.

### സിലിഗുരി, പശ്ചിമ ബംഗാൾ

ജൂൺ 8,2008-ന് ജൽപായ്ഗുരി ജില്ലാ പരിഷത്ത് ആഡിറ്റോറിയത്തിൽ വെച്ച്, സിലിഗുരിയിലെയും ജൽപായ്ഗുരിയിലേയും അഭ്യാസികൾ ഒരു തുറന്ന സദസ്സ് നടത്തി. കൊച്ചു കുഞ്ഞുങ്ങളുടെ നൃത്തം, പാട്ട് തുടങ്ങിയ പരിപാടികളോടെ തുറന്ന സദസ്സ് ആരംഭിച്ചു. പ്രിഫെക്റ്റ് സംസാരിച്ചതിനു പുറമെ, പവർ പോയിൻറ് അവതരണവും ഉണ്ടായി. 35 ഓളം പേർ പങ്കെടുത്തതിൽ ഭൂരിഭാഗവും പദ്ധതിയെക്കുറിച്ച് കൂടുതൽ അറിയുവാൻ ഉത്സുകരായി.

SRCM
# ഇക്കോസ് ഇന്ത്യ
സപ്തംബർ 2008 സ്വകാര്യ പ്രചരണത്തിനു മാത്രം വോല്യം 1 ലക്കം 5



# പ്രകാശ കേന്ദ്രങ്ങൾ

## അഹമ്മദാബാദ് ആശ്രമം

അഹമ്മദാബാദ്-ഗാന്ധിനഗർ ഹൈവേയിലൂടെ കടന്നു പോകുന്ന ഏവരുടെയും ശ്രദ്ധ പിടിച്ചു പറ്റുന്ന ഒന്നാണ് പുതിയതായി നിർമ്മിച്ച അഹമ്മദാബാദ് ആശ്രമം. പൂജ്യ മാസ്റ്റർ, തന്റെ അടുത്തിടെ നടന്ന സന്ദർശനത്തിൽ ഇത് ഉത്ഘാടനം ചെയ്തു.

ഇന്ത്യയിലെ മിഷന്റെ മറ്റു ധ്യാന ഹാളുകളുമായി തുലനം ചെയ്യുമ്പോൾ, ഈ ഷഡ്ഭുജമായ ധ്യാനമന്ദിരം പ്രത്യേകതകളുള്ളതാണ്. അതിന്റെ നിർമ്മാണം പുതുമയാർന്നതും ഭംഗിയുള്ളതുമാണ്.

അഹമ്മദാബാദ് സിറ്റിയിൽ നിന്നും 25 കി.മി. ഓളം അകലെ, 4.75 ഏക്കർ സ്ഥലത്ത് നിർമ്മിച്ച ഈ ആശ്രമത്തിൽ അഞ്ച് പ്രധാന മന്ദിരങ്ങൾ ഉണ്ട്. ധ്യാന മന്ദിരം, മാസ്റ്ററുടെ വസതി, അഭ്യാസികൾക്ക് താമസിക്കാനുള്ള മന്ദിരങ്ങൾ, അപ്പാർട്ട്മെന്റുകൾ, അടുക്കള, ഓഫീസ് തുടങ്ങിയവയാണവ.



### ധ്യാന മന്ദിരം

ധ്യാന മന്ദിരം, അത്യാധുനിക സാങ്കേതിക വിദ്യയാൽ നിർമ്മിതമാണ്. ഷഡ്ഭുജ രൂപത്തിൽ, തൂണുകൾ ഇല്ലാതെ, മാസ്റ്ററെ – അദ്ദേഹം ഹാളിൽ എവിടെയായിരുന്നാലും – വ്യക്തമായി ദർശിക്കാവുന്ന തരത്തിലാണ് ഇതിന്റെ നിർമ്മാണം.

കാറ്റിന്റെ ഒഴുക്കിനെ തടയാത്ത രീതിയിലുള്ള നിർമ്മാണമായതിനാൽ, വേനൽക്കാലത്തുപോലും ഹാളിൽ ചൂട് വളരെ കുറവായിരിക്കും.

ധ്യാന മന്ദിരത്തിൽ 2000 ഓളം അഭ്യാസികൾക്കിരിക്കാം. ആവശ്യമെങ്കിൽ, കൂടുതലായി 500 ഓളം അഭ്യാസികൾക്കു കൂടി ഇരിക്കാനായി രണ്ടു വശങ്ങളിലും സൗകര്യം ചെയ്യാനാകും.

### മാസ്റ്ററുടെ വസതി

ഒരു നടു മുറ്റത്തിനു ചുറ്റും പണിതിട്ടുള്ള, മാസ്റ്ററുടെ കിടപ്പുമുറി, ഓഫീസ് മുറി, സ്വീകരണ മുറി, അടുക്കള, അതിഥികൾക്കുള്ള കിടപ്പുമുറി തുടങ്ങിയവയുള്ള മാസ്റ്ററുടെ വസതി പരമ്പരാഗത ശൈലിയിൽ രൂപകൽപന ചെയ്തിട്ടുള്ളതാണ്.

വസതി, ചെരിവുള്ള മേൽകൂരയോടുകൂടിയതും, ഉൾഭാഗം മരങ്ങൾ കൊണ്ട് മിനുക്കു പണി ചെയ്തതും , പുറത്ത് മംഗലാപുരം ഓടുകൾ പതിച്ചതുമാണ്.

### വിശ്രമ സ്ഥലങ്ങൾ

750 അഭ്യാസികളെ സുഖകരമായി താമസിപ്പിക്കാൻ കഴിയുന്ന , ആറു യൂണിറ്റുകളുള്ള ഒരു ഇരു നില കെട്ടിടത്തിലാണ് വിശ്രമ



സ്ഥലമൊരുക്കിയിരിക്കുന്നത്.

അഭ്യാസികളെയും സമീപ ഗ്രാമവാസികളെയും ചികിത്സിക്കാനായി അഭ്യാസി ഡോക്ടർമാർ നടത്തുന്ന ചെറിയ ക്ലിനിക്, ഡോർമിറ്ററിയുടെ ഒരു ഭാഗത്ത് പ്രവർത്തിക്കുന്നു.

സെമിനാറുകളും പരിശീലന പരിപാടികളും നടത്തുവാൻ ദൃശ്യ-ശ്രവ്യ ഉപകരണങ്ങളോടുകൂടിയ ഒരു ഹാൾ ഇവിടെയുണ്ട്.

അടുക്കള വിശാലമായതും, ആവശ്യത്തിനു സാധനങ്ങൾ സൂക്ഷിക്കാനുള്ള സൗകര്യവും, പാത്രങ്ങൾ കഴുകുവാനുള്ള സൗകര്യവും ഉള്ളതാണ്. അടുക്കളയുടെ മുകൾ നിലയിലാണ് ആശ്രമം മാനേജരുടെ താമസസ്ഥലവും ഓഫീസും.

'എൽ' രൂപത്തിലുള്ള അപ്പാർട്ട്മെന്റിൽ, താഴത്തെ നിലയും ഒന്നാം നിലയുമുണ്ട്. ഇതിൽ ആറെണ്ണം "രണ്ട് കിടപ്പറകൾ" ഉള്ളതും, ഒൻപതെണ്ണം 'ഒരു കിടപ്പറ'യുള്ളതുമാണ്.



### ഭാവി പദ്ധതികൾ

ഒരു ഭക്ഷണശാല, കുട്ടികൾക്കായുള്ള കളിസ്ഥലം, ജോലി ചെയ്യുന്നവർക്കായി താമസ സൗകര്യം, മഴ വെള്ള സംഭരണ സംവിധാനം, പൂന്തോട്ടനിർമ്മാണം, മരം നടൽ, ധാരാളം പുസ്തകങ്ങളോടുകൂടിയ ലൈബ്രറി എന്നിവ ഭാവിയിൽ ആശ്രമത്തിനോട് അനുബന്ധിച്ച് ഉണ്ടാക്കുവാൻ പദ്ധതിയുണ്ട്.

മിഷന്റെ ഇന്ത്യയിലെ ആശ്രമങ്ങളിൽ മറ്റൊരു രത്നമാണ് അഹമ്മദാബാദ് ആശ്രമം. മാസ്റ്ററുടെ അനുഗ്രഹത്താൽ, ഈ പ്രദേശത്തുള്ളവരുടെ ആത്മീയ വളർച്ചയ്ക്കുതകുന്ന സ്രോതസ്സാകുവാൻ ഈ ആശ്രമത്തിനു കഴിയും.

**To subscribe to this Newsletter please visit http://www.srcm.org/centers/as/in/newsletter/index.jsp**
**For feedback, suggestions and news articles please send email to in.newsletter@srcm.org**

© 2008 Shri Ram Chandra Mission ("SRCM"). All rights reserved.
"Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.
This message may be edited for content and is intended exclusively for the members of SRCM.